DESPATCHED
On.06/12/21.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 526(2)/2021**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **4819**/എസ്.ഐ.സി-ജി 6/21)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.വിജയൻ പി.,
വിജയ്, നിയർ മുൻസിഫ് കോർട്ട്,
പി.ഒ.തളിപ്പറമ്പ,
പിൻ - 670 141. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സബ് രജിസ്ട്രാർ,
തളിപ്പറമ്പ.

2. അപ്പീൽ അധികാരി&
ജില്ലാ രജിസ്ട്രാർ (ജനറൽ),
കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.12.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09.02.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.04.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 12.04.2021 |
| ഹിയറിംഗ് നടന്ന തീയതി | 28.10.2021, ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2.അപ്പീൽ ഹർജിക്കാരൻ 31.12.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. തളിപ്പറമ്പ് അംശം കീഴാറൂർ ദേശം റി.സ.48/3-ൽപ്പെട്ട 1 1/2 സെന്റ്(0.6 ആർ) വസ്തു സംബന്ധിച്ച് ശ്രീകാനമഠത്തിൽ ഗോപാലനും ശ്രീ. കാനമഠത്തിൽ ബാലകൃഷ്ണനും തമ്മിൽ 01.01.2017 മുതൽ 31.12.2020 വരെയുള്ള കാലയളവിൽ തളിപ്പറമ്പ് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ രജിസ്ട്രേഷൻ നമ്പറും തീയതിയും നൽകണമെന്നും

2. തളിപ്പറമ്പ് അംശം കീഴാറൂർ ദേശത്തെ ഏതെങ്കിലും വസ്തു വില്പന സംബന്ധിച്ച് കരാർ മേൽപ്പടി വ്യക്തികൾ തമ്മിൽ 01.01.2017 മുതൽ 31.12.2020വരെയുള്ള കാലയളവിൽ തളിപ്പറമ്പ് രജിസ്റ്റർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ രജിസ്ട്രേഷൻ നമ്പറും തീയതിയും നൽകണമെന്നുമാണ്.

ആയതിന് 08.01.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1&2 എന്നീ ഇനങ്ങൾക്ക് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കണ്ടുപിടിക്കുന്നതിന് 2017 മുതൽ 2020വരെ 4 വർഷത്തെ തെരച്ചിൽ ഫീസ് 105 രൂപ ടി ഓഫീസിൽ ഒടുക്കണമെന്നാണ്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 09.02.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ 2 വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് മറുപടി നൽകിയിട്ടുണ്ടെന്നും ഇപ്രകാരം നൽകിയ മറുപടിയിൽ രജിസ്ട്രേഷൻ നിയമപ്രകാരമുള്ള ഫീസ് ഒടുക്കാൻ

ആവശ്യപ്പെട്ടത് നിയമവിധേയമല്ലെന്നാണ് അപ്പീൽ ഹർജിയിൽ ഉന്നയിച്ചിരിക്കുന്നതെന്നും എന്നാൽ ബഹു.കേരള ഹൈക്കോടതിയുടെ WP(C) No.8118/2017 നമ്പർ വിധി ന്യായത്തിൽ മറ്റു സ്റ്റാറ്റ്യൂട്ടുകളിൻ കീഴിൽ സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള കൂടുതൽ ഫീസ് വിവരാവകാശ അപേക്ഷകരിൽ നിന്നും ഈടാക്കാവുന്നതാണെന്നു പ്രസ്താവിച്ചിട്ടുണ്ടെന്നും നാവായിക്കുളം സബ് രജിസ്ട്രാറാഫീസിൽ വിവരാവകാശ നിയമപ്രകാരം തെരച്ചിൽ ഫീസ് ഇനത്തിൽ ഒടുക്കിയ ഫീസ് റീഫണ്ട് ചെയ്യുന്നത് സംബന്ധിച്ച വിഷയത്തിൽ സ്പഷ്ടീകരണം നൽകിയത് സംബന്ധിച്ച് ബഹു.രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 09.06.2020ലെ ഐ.ജി. ആർ.4524/2019/ആർ.ആർ.7 കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത നികുതി (ജെ)വകുപ്പിന്റെ ജെ.2-219-നിവ നമ്പർ കത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണെന്നും എസ്.പി.ഐ.ഒ.റിപ്പോർട്ടു ചെയ്തുവെന്നാണ്.

ഓരോ വ്യക്തിയുടെ പേരിലും ഏതെല്ലാം ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ള രജിസ്റ്ററുകളോ പുസ്തകങ്ങളോ സബ് രജിസ്റ്റാറാഫീസുകളിൽ സൂക്ഷിക്കപ്പെടുന്നില്ലെന്നും ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന ക്രമപ്രകാരം വാല്യങ്ങളിൽ ഫയലിംഗ് ഷീറ്റുകളായാണ് ഫയൽ ചെയ്യുന്നതെന്നും കൂടാതെ അവയുടെ സൂചകങ്ങളും തയ്യാറാക്കുന്നുവെന്നും ഒരു പ്രത്യേക വ്യക്തി നടത്തിയ ഇടപാടുകളെ സംബന്ധിച്ച രേഖകൾ പ്രത്യേകമായി സൂക്ഷിക്കില്ലെന്നുമാണ്. ഒരു വ്യക്തിയുടെ പേരിലുള്ള ഇടപാടുകൾ കണ്ടെത്തുന്നതിനായി മേൽപ്പറഞ്ഞ റിക്കാർഡുകളിലെ (കമ്പ്യൂട്ടർ വൽക്കരിച്ചതാണെങ്കിൽ പോലും) ഓരോ പതിവുകളും പരിശോധിക്കുകയും പ്രത്യേകം വ്യക്തിയുടെ പേരിലുള്ള വിവരങ്ങൾ കണ്ടുപിടിച്ച് അവ സമാഹരിക്കുകയും ക്രോഡീകരിച്ച് വിവര രൂപത്തിലേയ്ക്ക് മാറ്റിയെടുക്കുകയും വേണമെന്നുമാണ്.

വിവരാവകാശ നിയമം 2(എഫ്), 2(ജെ) ചേർത്തുവായിക്കുമ്പോൾ നിർവ്വചിക്കുന്ന പ്രകാരം ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ലെന്നും വിവരം എപ്രകാര

മാണോ സൂക്ഷിക്കപ്പെട്ടിട്ടുള്ളത് അപ്രകാരം മാത്രമേ ലഭ്യമാക്കാനാവുകയു ള്ളുവെന്നുമാണ്.

അപ്പീൽ ഹർജിക്കാരന്റെ അപേക്ഷ ബാധ്യത സർട്ടിഫിക്കറ്റിനായുള്ള തെരഞ്ഞു നോക്കൽ വിഭാഗത്തിൽ വരുന്നതാണെന്നും " **The Encumbrance Certificate is not an " information" already in Possession of or held by the Registration Department. Hence the appellant has no right to obtain the Encumbrance Certificate as an information under the right to information Act 2005. The appellant may apply in the manner prescribed under the Registration manual of orders"** എന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ 31.07.2006ലെ **1340/SIC/Gen/06** നമ്പർ വിധിയിലൂടെ വ്യക്തമാക്കിയിട്ടുണ്ടെ ന്നാണ്.

കേരള വിവരാവകാശ (ഫീസും ചെലവും ക്രമീകരണം) ചട്ടം 4(1) പ്രകാരം ഏതെങ്കിലും സേവനത്തിന് പ്രത്യേകം ഫീസ് നിശ്ചയിക്കപ്പെട്ടിട്ടു ണ്ടെങ്കിൽ ടി ഫീസ് ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും മറ്റേതെങ്കിലും നിയമത്താൽ ലഭ്യമാകുന്ന വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്നത് അപ്രസക്തമാണെന്ന് ബഹു.സുപ്രീം കോടതി രജിസ്ട്രാറുടെ ഹർജിയിന്മേൽ ഉണ്ടായ ബഹു.ഡൽഹി ഹൈക്കോടതിയുടെ 21.11.2017 തീയതിയിലെ **WP(C) 3530/2011** നമ്പർ കേസിലെ വിധിന്യായ ത്തിലും ബഹു.കേരള ഹൈക്കോടതിയുടെ **WP(C) 18118/2017** നമ്പർ കേസിന്റെ വിധി ന്യായത്തിൽ മറ്റു നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള കൂടുതൽ ഫീസ് വിവരാവകാശ അപേക്ഷകനിൽ നിന്നും ഈടാക്കാവുന്നതാണെന്നും പ്രസ്താവിച്ചിട്ടുണ്ടെന്നാണ്. ആയതി നാൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വസ്തുവിന്റെ കൈമാറ്റം സംബ ന്ധിച്ച് വിവരങ്ങൾ ലഭിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പ് ഏർപ്പെടുത്തിയ ഫീസ് ഒടുക്കി വസ്തുവിന്റെ ബാധ്യത സർട്ടിഫിക്കറ്റിന് അപേക്ഷിച്ച് ബാധ്യത സർട്ടിഫിക്കറ്റ് ലഭ്യമായാൽ ബാധ്യത സർട്ടിഫിക്കറ്റിൽ രേഖപ്പെ

ടുത്തി ലഭിക്കുന്ന ആധാരങ്ങളുടെ പകർപ്പിന് രജിസ്ട്രേഷൻ വകുപ്പ് ഏർപ്പെടുത്തിയ ഫീസ് ഒടുക്കി കൈമാറ്റം സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന ആധാരപ്പകർപ്പുകൾ ലഭ്യമാക്കാവുന്നതാണെന്ന വിവരം അപ്പീൽ ഹർജിക്കാരനെ അറിയിച്ചുവെന്നും ടിയാൻ ഫീസ് ഒടുക്കുന്ന മുറയ്ക്ക് അപ്പീൽ ഹർജിക്കാരന് വിവരം ലഭ്യമാക്കുവാനായി എസ്.പി.ഐ.ഒ. തളിപ്പറമ്പ സബ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയെന്നുമാണ്. കൂടാതെ ഹർജിക്കാരന്റെ അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ എസ്.പി.ഐ.ഒ.യുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി കാണുന്നില്ലെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ **RTI Fees** എന്ന രസീതു നൽകി പരമാവധി 30 ദിവസം വരെ വിവരം വൈകിപ്പിക്കുന്നതിനുള്ള ഇട വരുത്തുന്നുവെന്നും ടിയാനിൽ നിന്നും അന്യായമായി വാങ്ങിയ 210/- രൂപ തിരികെ നൽകാൻ ഉത്തരവുണ്ടാകണമെന്നുമാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. ഹർജിക്കാരനോട് തിരച്ചിൽ ഫീസിനത്തിൽ 210/- രൂപ ഈടാക്കിയത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. വിവരാവകാശ നിയമത്തിലെ 7(5) വകുപ്പുപ്രകാരം അപേക്ഷകൻ ആവശ്യപ്പെടുന്ന പകർപ്പുകൾക്കു ഈടാക്കേണ്ട ഫീസ് ന്യായമായിരിക്കണമെന്നാണ്. കൂടാതെ റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 194/2012ലെ 20.03.2018ലെ വിധിയിൽ ബഹു.സുപ്രീം കോടതി വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ സാധാരണയായി 50/- രൂപയിൽ കൂടുതൽ ഫീസ് ഈടാക്കരുതെന്നും വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്കു പേജൊന്നിന് 5/- രൂപയിൽ കൂടുതൽ ഈടാക്കരുതെന്നു വ്യക്തമാക്കിയിട്ടുള്ളതാണ്.

4. ആയതിനാൽ ഹർജിക്കാരനിൽ നിന്ന് തിരച്ചിൽ ഫീസ് ഇനത്തിൽ ഈടാക്കിയ 210/- രൂപ തിരികെ നൽകണമെന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 നവംബർ 11-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)